# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1336 — 20.01.2014 ൽ - മറുപടിക്ക്

## റേഷൻകാർഡുകളുടെ ഇനം തിരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ ശൃംഖലയിൽ, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള റേഷൻകാർഡ് ഉടമകൾ എത്രയാണ്; ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർ എത്ര; | (എ) പൊതുവിതരണ ശൃംഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള റേഷൻ കാർഡുകൾ 61,54,369 ഉം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള റേഷൻകാർഡുകൾ 20,71,243 ഉം ആണ്. |
| (ബി) ബി.പി.എൽ പട്ടികയിൽ നിന്നും ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; ഇതു സംബന്ധിച്ച് കേരള സർക്കാർ സുപ്രീം കോടതിയിൽ നല്കിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | (ബി) ബി.പി.എൽ. പട്ടികയിൽ നിന്ന് ഒഴിവാക്കാൻ നിർദ്ദേശിച്ച വിഭാഗങ്ങൾ<br>1. സർക്കാർ, അർദ്ധസർക്കാർ,എയ്ഡഡ്, സ്വകാര്യ സ്ഥാപനങ്ങളിൽ ക്ലാസ് IV മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ ജോലി ചെയ്യുന്ന ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>2. സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിയുള്ള ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>3. സഹകരണ സ്ഥാപനങ്ങളിൽ ജോലിയുള്ള ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>4. സർക്കാർ സർവ്വീസിൽ നിന്ന് പെൻഷനായ ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>5. അർദ്ധസർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് പെൻഷനായ ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>6. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് പെൻഷനായ ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>7. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വലിപ്പമുള്ള കോൺക്രീറ്റ് വീടുള്ള കുടുംബങ്ങൾ<br>8. സ്വകാര്യ ആവശ്യത്തിനായി നാലുചക്ര വാഹനമുള്ള കുടുംബങ്ങൾ<br>9. വിദേശത്തു ജോലിയുള്ള ഒരംഗമെങ്കിലുമുള്ള കുടുംബങ്ങൾ<br>10. പട്ടികവർഗ്ഗക്കാർ ഒഴികെ ഒരേക്കർ ഭൂമിയുള്ള കുടുംബങ്ങൾ<br>കേരള സർക്കാർ 11.11.2013ൽ സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(സി) സത്യവാങ്മൂലത്തിലെ വ്യവസ്ഥകൾ പ്രകാരം ലിസ്റ്റ് തയ്യാറാക്കിയാൽ എ.പി.എൽ, ബി.പി.എൽ വിഭാഗത്തിൽ എത്ര ശതമാനം വ്യത്യാസങ്ങൾ വരാനിടയുള്ളതായി കരുതുന്നു; വ്യക്തമാക്കാമോ?

(സി) വ്യത്യാസം വരുമെന്ന് കരുതുന്നില്ല. എന്തെന്നാൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പകരമായി താഴെപ്പറയുന്ന വിഭാഗങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

1. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ
2. ശാരീരിക മാനസിക വൈകല്യം ബാധിച്ചവർ
3. ഓട്ടിസം ബാധിച്ചവർ
4. വിധവകൾ
5. എയ്ഡ്സ്, ക്യാൻസർ ബാധിച്ചവർ, ഡയാലിസിസിന് വിധേയരാകുന്നവർ
6. ശയ്യാവലംബികളായവർ, ജീവസന്ധാരണത്തിനായി വരുമാനമില്ലാത്തവർ

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്